**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1900** **31-08-2022 - ൽ മറുപടിയ്ക്ക്**

**ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ശുദ്ധജല മത്സ്യോല്പാദനം ഉൾപ്പെടെയുള്ള ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22സാമ്പത്തിക വർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് ശുദ്ധജല മത്സ്യകൃഷിയും ഓരുജല മത്സ്യകൃഷിയും നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ ശുദ്ധജല മത്സ്യകൃഷിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഇതിനു പുറമെ 8165പൊതുകുളങ്ങളിലായി 1338.41 ഹെക്ടറിൽ മത്സ്യക്കുഞ്ഞ് നിക്ഷേപിക്കുന്ന പദ്ധതികളും നടപ്പിലാക്കി.<br><br>2020-21സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 5392.5 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന മത്സ്യകൃഷി രീതികളും, ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമുഴി, കക്കി റിസർവോയറുകളിൽ 16 കോടി അടങ്കൽ തുകയുള്ള കൂടിലെ മത്സ്യകൃഷി പദ്ധതി വഴി 400 കൂടുകളിൽ ശുദ്ധജല മത്സ്യകൃഷിയും നടപ്പിലാക്കി പൂർത്തികരിച്ച് വരുന്നു.<br><br>2021-22 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റവും 1081.80 ലക്ഷം രൂപ അടങ്കൽ തുക |

| | | | |
|---|---|---|---|
| | | | വരുന്ന റിസർവോയർ പദ്ധതിയ്ക്കും ഭരണാനുമതി നൽകുകയും ആയതനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. 2022-24 സാമ്പത്തിക. വർഷത്തെ 60.72 കോടി രൂപയുടെ സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 3523.84 ലക്ഷം രൂപ ശുദ്ധജല മത്സ്യകൃഷി പദ്ധതിയ്ക്കായി വക കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഫലമായി ശുദ്ധജല മത്സ്യോല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (ബി) | സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ ശുദ്ധജല മത്സ്യകൃഷി പദ്ധതികളിലൂടെ 2020-21 സാമ്പത്തിക വർഷത്തെ 31201 മെട്രിക് ടൺ ശുദ്ധജല മത്സ്യോൽപ്പാദനം 2021-22 സാമ്പത്തിക വർഷമായപ്പോൾ 32655 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) | ഉല്പാദിപ്പിച്ച മത്സ്യത്തിന്റെ സംസ്കരണത്തിനും വിപണനത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ? | (സി) | ഉൾനാടൻ മത്സ്യമേഖലയിൽ നിന്നും ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമായി സംസ്ഥാനത്തെ 5 ജില്ലകളിലായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 30 മാർക്കറ്റിംഗ് ഔട്ട്ലറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 3 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഉൾനാടൻ മത്സ്യങ്ങളുടെ മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ശൃംഖല രൂപീകരണവും വിപണനം ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന് പുറമെ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന സർവ്വീസ് സഹകരണബാങ്ക്/ സംഘങ്ങളുമായി ചേർന്നുള്ള മത്സ്യ വിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജക മണ്ഡലത്തിലും ഫിഷ് മാർട്ടുകൾ രൂപീകരിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലങ്ങളിലായി 113 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി കക്കി (പത്തനംതിട്ട), പെരുവണ്ണാമൂഴി (കോഴിക്കോട്), കാരാപ്പുഴ & ബാണാസുരസാഗർ (വയനാട്) എന്നീ ജല സംഭരണികളിലായി നടത്തി വരുന്ന കൂട് മത്സ്യ കൃഷിയോടനുബന്ധിച്ച് വിവിധ ഇടങ്ങളിൽ മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി 2021-22

| ക്രമ നം: | മത്സ്യകൃഷി രീതി | കൈവരിച്ച നേട്ടം ഹെക്ടർ/ യൂണിറ്റ് |
|---|---|---|
| 1 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി | 1324.24 ഹെക്ടർ |
| 2 | സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 2784.03 ഹെക്ടർ |
| 3 | പൊതു കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 1382.53 ഹെക്ടർ |
| 4 | ഒരു നെല്ലും ഒരു മീനും കൃഷി | 17501.09 ഹെക്ടർ |
| 5 | പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി | 4204 യൂണിറ്റ് |
| 6 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (50 cub m) | 224 യൂണിറ്റ് |
| 7 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (100 cub m) | 243 യൂണിറ്റ് |
| 8 | ശുദ്ധജലത്തിലെ കൂടു കൃഷി | 576 യൂണിറ്റ് |
| 9 | പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം | 32 യൂണിറ്റ് |